ഭാവന ●
അഹ്മദ് ബഹ്ജത്

# റമദാൻ ഡയറി

**അറുപത്തിയേഴാം പേജിൽ സാത്താനെ വായിക്കുകയായിരുന്നു ഞാൻ. അപ്പോൾ അവൻ അവിടെ ഉള്ളതായി തോന്നി. അടച്ചിട്ട മുറിയുടെ വാതിലിനു അഭിമുഖമായി സോഫയിൽ ഇരിക്കുന്നു! എങ്ങനെ അകത്തു കടന്നു ആവോ? തല ഉയർത്തി നോക്കിയപ്പോൾ പ്രായം തിട്ടപ്പെടുത്താൻ പ്രയാസമായ ഒരാൾ!**

**പൊടുന്നനെ** ഒരു പച്ചവെളിച്ചത്തിന്റെ മിന്നായം പോലെ ആ സാന്നിധ്യം എനിക്ക് അനുഭവപ്പെട്ടു. മുറിയിൽ എന്നോടൊപ്പം എന്തോ ഒന്ന്, അല്ലെങ്കിൽ ആരോ ഉള്ളപോലെ ഒരു തോന്നൽ. അത് ഒരാളോ വസ്തുവോ എന്ന് തിട്ടപ്പെടുത്താൻ അപ്പോഴും എനിക്കായില്ല. വായിച്ചുകൊണ്ടിരുന്ന മഞ്ഞപ്പുസ്തകത്തിന്റെ താളുകളിൽനിന്ന് ഞാൻ തലയുയർത്തിയില്ല. പഴകി മഞ്ഞളിപ്പു ബാധിച്ചു നുരുമ്പിച്ച പുരാതനമായൊരു ആഭിചാര പുസ്തകമായിരുന്നു അത്. അറുപത്തിയേഴാം പേജിൽ സാത്താനെ വായിക്കുകയായിരുന്നു ഞാൻ. അപ്പോൾ അവൻ അവിടെ ഉള്ളതായി തോന്നി. അടച്ചിട്ട മുറിയുടെ വാതിലിനു അഭിമുഖമായിസോഫയിൽ ഇരിക്കുന്നു! എങ്ങനെ അകത്തു കടന്നു ആവോ? തല ഉയർത്തി നോക്കിയപ്പോൾ പ്രായം തിട്ടപ്പെടുത്താൻ പ്രയാസമായ ഒരാൾ! വളരെ മാന്യമായ വേഷവിധാനം. കാലപ്പഴക്കം തോന്നിക്കുമെന്നേ ഉള്ളൂ.

'അവൻ തന്നെയാണോ നീ?' അല്പം ഭയത്തോടെ ഞാൻ ചോദിച്ചു. വളരെ ഭവ്യതയോടെയാണ് മറുപടി പറഞ്ഞത്: 'അതെ , ഇബ്‌ലീസ്.'

'ഒരു ഖുർആൻ സൂക്തം ഓതിയാൽ ഒഴിഞ്ഞു പോകുമോ?'

'ഓതുന്നത് സത്യസന്ധമാണെങ്കിൽ പെട്ടെന്ന് അപ്രത്യക്ഷനാകും.'

'അതെന്താ? ഖുർആൻ സൂക്തം നിന്നെ എരിച്ചു കളയുമോ?'

'അതിനു ആദ്യം ആ സൂക്തം നിന്റെ പ്രവൃത്തിയിൽ വരണം. എന്നാലേ എന്നെ കരിച്ചു കളയാൻ അതിനു കഴിയൂ!'

'ഖുർആൻ ഓതുന്നില്ല. നിന്നോടു സംസാരിക്കാനാണു എനിക്കു താൽപര്യം. എങ്ങനെയാണ് നീ അകത്തു കടന്നത്? അതായത് സത്യമായും നീ ഈ സോഫയിൽ ഇരിക്കുന്നുണ്ടോ? അതോ എന്റെ ബുദ്ധിയിൽ മാത്രമോ?' ഞാൻ ചോദിച്ചു.

'ദേ, പ്രശ്നം സങ്കീർണമാക്കണ്ടേ. നീ ശരിക്കും ഒരു സർക്കാർ ജീവനക്കാരൻ തന്നെ. സർക്കാർ ജീവനക്കാരന്റെ ചിന്തയാണു നീ ഇപ്പോൾ വെളിവാക്കിയത്. നിന്റെ ബുദ്ധി എന്നു പറഞ്ഞാൽ പദാർഥത്തിന്റെ ഭാഗമാണ്. ഈ സോഫയും പദാർഥത്തിന്റെ ഭാഗം തന്നെ. നിന്റെ ബുദ്ധിയും നിന്റെ വീട്ടിന്റെ മുന്നിലെ പൊളിഞ്ഞ മതിലിന്റെ ആകാരവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല.'

'ഇതിന് ഞങ്ങളുടെ ഭാഷയിൽ തമാശയെന്ന് പറയാം. എന്റെ ബുദ്ധി കൽപിച്ചപോലെയാണെന്നല്ലേ നീ പറഞ്ഞു കൊണ്ട് വരുന്നത്? എന്നെ കളിയാക്കുകയാണോ?'

'ഒരിക്കലും ഞാൻ കളിപറയാറില്ല. സ്വർഗലോകത്തുനിന്ന് തുരത്തപ്പെട്ടതിൽ പിന്നെ ഞാൻ ചിരിച്ചിട്ടേയില്ല.'

'റമദാനിൽ നീ തടവിലാണെന്നാണല്ലോ പറയുന്നത്. അത്ഭുതം തോന്നുന്നു. പിന്നെങ്ങനെ നീ ആകസ്മികമായി ഇവിടെ എത്തി.'

'മനുഷ്യന്റേതായ കേവല നിർണയത്തിൽ ഒതുങ്ങുന്നതല്ല കാര്യം.' ഇബ്‌ലീസ് പറഞ്ഞു: 'റമദാൻ മാസം ഞങ്ങളുടെ വേനലവധിയാണ്. ആഗസ്റ്റിൽ നിങ്ങൾക്ക് വാർഷിക അവധിയാകുന്നതു പോലെ. ഈ മാസം ഉടനീളം പണികുറയും. ലോകം മുഴുവൻ വിശ്വാസികളല്ലെന്നറിയാമല്ലോ. ഞങ്ങളായിട്ടു പണി മുടക്കുകയില്ല. മറിച്ച് ഞങ്ങളുടെ ഭാരങ്ങളും പ്രശ്നങ്ങളും ഈ മാസത്തിൽ കൂടുകയാണ്.'

'കണ്ടുമുട്ടാനിടയായതിൽ വലിയ സന്തോഷമുണ്ട്. എത്രകാലമായി നിന്നോടൊന്ന് സൊറപറയാൻ സ്വപ്നം കാണുന്നതെന്നോ?' ഞാൻ പറഞ്ഞു.

'ഞാനും നിന്നെപ്പോലെ മടുത്തിരിക്കുകയാണ്. ആരോടെങ്കിലും സൊള്ളണമെന്നാഗ്രഹിക്കുമ്പോഴാണ് നോമ്പുകാരന്റെ ഡയറിക്കുറിപ്പുകൾ എന്ന ശീർഷകത്തിൽ നോമ്പു നോൽക്കാതെ നീ ദിനസരി എഴുതുന്നത് കണ്ടത്. നിന്നെ സന്ദർശിക്കാൻ തീരുമാനിച്ചത് അങ്ങനെയാണ്.'

'വെടിപറച്ചിലാണ് നമ്മുടെ കൂട്ടു താൽപര്യം.' ഞാൻ പറഞ്ഞു: 'ആയിരക്കണക്കിൽ നിഗൂഢതകൾ നിന്റെ ജീവിതത്തിലുണ്ട്. അതൊക്കെ എനിക്കറിയണമെന്നുണ്ട്.'

'എന്റെ ജീവിതത്തിൽ നിഗൂഢതകളോ? ഹേയ്. നിഗൂഢത മനുഷ്യന്റെ സ്വഭാവമാണ്.' ഇബ്‌ലീസ് പറഞ്ഞു.

'അപ്പോൾ നീ സുതാര്യനാണെന്നാണോ പറയുന്നത്?' ഞാൻ ചോദിച്ചു.

'തികച്ചും സുതാര്യൻ. എന്റെ തിരസ്കാരം ആദിയിലേ ദൈവത്തിന്റെ മുമ്പിൽ വിളംബരം ചെയ്തതാണ്. ഭൂമിയിലെ നിസ്സാരനായൊരു അധികാരിയുടെ മുമ്പിൽ നിഷേധം പ്രഖ്യാപിക്കാൻ നിങ്ങൾ മനുഷ്യരിലാരെങ്കിലും ധൈര്യപ്പെടുമോ? എന്നിൽ എന്ത് നിഗൂഢതയാണ് നീ കാണുന്നത്?'

'നിന്റെ തുറന്നുപറച്ചിൽ ഞങ്ങൾ വളരെ മാനിക്കുന്നു. പക്ഷേ, ആയിരക്കണക്കിൽ വേഷവും രൂപവുമെടുത്ത് നീ

മറഞ്ഞിരിക്കുന്നുണ്ടല്ലോ. അത്ര വ്യക്തമായി നീ ജനത്തിന്റെ മുമ്പിൽ വരാറില്ല.'

'അത് ഞങ്ങളുടെ പ്രഫഷനൽ അടിസ്ഥാന തത്ത്വങ്ങളാണ്. സംശയമാരണത്തിന്റെ, ദുർമന്ത്രണത്തിന്റെ ടെക്നോളജി എന്ന് പറയും. ശാസ്ത്രം ഇന്ന് വളരെ വികസിച്ചിരിക്കുകയാണ്. ഞാൻ നിന്നിടത്ത് തന്നെ ഉറച്ചു നിൽക്കുകയും നന്മ എന്നെ മറികടന്ന് തോൽപിക്കുകയും ചെയ്യണമെന്നാണോ നീ പറയുന്നത്. ഇനിയും എന്തോന്ന് വ്യക്തമാക്കണമെന്നാണ് നീ പറയുന്നത്?'

'നിന്റെ അസ്തിത്വം തന്നെ.' ഞാൻ ചോദിച്ചു: 'ശരിക്കും നീ ഇപ്പോൾ എന്റെ മുന്നിലുണ്ടോ? അതോ എന്റെ തലക്കകത്തെ കേവലം ഒരു ആശയം മാത്രമോ?

'ഏതാണ് പ്രസക്തം? ഞാൻ ഈ ലോകത്ത് ഉണ്ടായിരിക്കുക, എന്നിട്ടു എന്നെക്കുറിച്ചു നിനക്ക് ഒന്നും അറിയാതിരിക്കുക. അതോ പുറത്ത് ഒരു നിലനിൽപുമില്ലാതെ ഞാൻ നിന്റെ മനസ്സിൽ ഇരിപ്പുറപ്പിക്കുകയോ? ഇതിൽ ഏതാണ് പ്രധാനം?'

'നീ വിചിത്രങ്ങളായ ചോദ്യങ്ങൾ ഉന്നയിക്കുന്നു.' ഞാൻ പരിഭവപ്പെട്ടു: 'നീ സകാരനാണോ അതോ വെറും ഒരു ആശയമാണോ എന്നാണ് എന്റെ സംശയം.'

'നീയൊരു കുതർക്കിതന്നെ. എന്റെ ആ പുരാതന ശത്രുവിന്റെ മക്കളെപ്പോലെ. ലോകത്ത് ഒരു ആശയവുമില്ലാത്ത ആയിരക്കണക്കിന് ജഡങ്ങളുണ്ട്. അവക്ക് എന്തെങ്കിലും മൂല്യമുണ്ടെന്ന് നീ കരുതുന്നുണ്ടോ? അമൂർത്തമായ ഒരു പാടു ആശയങ്ങളും ഇന്ന് ലോകത്തുണ്ട്. അതൊക്കെ ആയിരം വർഷങ്ങൾക്ക് ശേഷമോ അല്ലെങ്കിൽ ഒരു നിമിഷത്തിനകമോ സമൂർത്തമായേക്കാം.'

'നീ ഫിലോസഫി പറയുകയാണല്ലേ! എന്തുകൊണ്ടാണ് മനുഷ്യപുത്രന്മാർക്ക് നിന്നെ കാണാൻ പറ്റാത്തത്?'

'അന്തരീക്ഷത്തിൽ സഞ്ചരിക്കുന്ന ശബ്ദ തരംഗങ്ങൾ കാണാൻ മനുഷ്യപുത്രന്മാർക്ക് സാധിക്കുന്നുണ്ടോ? റേഡിയോ സ്വീകരിക്കുന്ന തരംഗങ്ങൾ  നിങ്ങൾ കാണുന്നുണ്ടോ? എന്തുകൊണ്ട് അതൊന്നും നിങ്ങൾ നിഷേധിക്കുന്നില്ല?

'നിന്റെ  ബാല്യത്തെ കുറിച്ച് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്. എല്ലാ സൃഷ്ടികൾക്കുമെന്നപോലെ നിനക്കും ഒരു ബാല്യമുണ്ടായിരുന്നോ? സോറി, ഞാൻ ഉദ്ദേശിച്ചത് എല്ലാ ആശയങ്ങളെയും പോലെ എന്നാണ്!'

'പിന്നെന്താ, എല്ലാ സൃഷ്ടികൾക്കുമുണ്ട് ശൈശവദശ.'

'നീയൊരു ഭാഗ്യം കെട്ട ശിശുവായിരുന്നിരിക്കണം!'

'അല്ല, മറിച്ചാണ് സത്യം. ജിന്നുകളുടെ പ്രാഥമിക മിശ്രപാഠശാലയിലെ ഏറ്റവും ശാന്തനായ കുട്ടിയായിരുന്നു ഞാൻ. സുന്ദരൻ നാളുകളായിരുന്നു അത്. കുഞ്ഞിലേ അവിടെനിന്ന് ഞാൻ അഹങ്കാരം പഠിച്ചു. ഒരുനാൾ കണക്ക് പരീക്ഷ നടന്നപ്പോൾ ഞാൻ ഉത്തരമെഴുതാൻ വിസമ്മതിച്ചു. ഉത്തരമൊന്നും എഴുതാത്ത കരിങ്കടലാസു ഞാൻ തിരിച്ചു നൽകി. അപ്പോൾ പ്രോബ്ലം സോൾവ് ചെയ്യാനറിയാമോ എന്ന് പരീക്ഷകൻ എന്നോടു ചോദിച്ചു. അറിയാമെന്ന് ഞാൻ പറഞ്ഞു. പിന്നെന്തേ ഉത്തരമെഴുതാഞ്ഞു എന്നായി അയാൾ. ചോദ്യം തയാറാക്കിയ ആളേക്കാൾ കേമൻ ഞാനായതുകൊണ്ടെന്ന് മറുപടി നൽകി. ഒന്നിനും കൊള്ളാത്ത ബാലിശ ചോദ്യങ്ങളായിരുന്നു അവ.'

'അപ്പോൾ പരീക്ഷയിൽ നിനക്ക് പൂജ്യം മാർക്കായിരിക്കും' - ഞാൻ കളിയാക്കി.

'ഫലങ്ങളിൽ എനിക്ക് താൽപര്യമില്ല. ആ സമയം എന്നെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രധാനം പരീക്ഷകനെക്കുറിച്ചുള്ള എന്റെ നിലപാടു രേഖപ്പെടുത്തലായിരുന്നു' - ഇബ്‌ലീസ് പറഞ്ഞു. ■

വിവ: **വി.എ.കെ**

(തുടരും)